'ഭരണഭാഷ- മാതൃഭാഷ'

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ-5042 27.06.2019 ൽ മറുപടിയ്ക്ക്

### തീരദേശത്ത് പോലീസ് സ്റ്റേഷനുകൾ

| ചോദ്യം<br>ശ്രീ എം രാജഗോപാലൻ | | മറുപടി<br>പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) | |
|---|---|---|---|
| (എ) | തീരസുരക്ഷയുമായി ബന്ധപ്പെട്ട് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | സർക്കാർ തീര സുരക്ഷയുമായി ബന്ധപ്പെട്ട് ചുവടെ കൊടുക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>1. കോസ്റ്റൽ സെക്യൂരിറ്റി സ്കീമിൽ ഉൾപ്പെടുത്തി 18 കോസ്റ്റൽ പോലീസ് സ്റ്റേഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.<br>2. 270 സേനാംഗങ്ങളുടെ തസ്തിക സൃഷ്ടിച്ചിട്ടുണ്ട്.<br>3. തീരദേശ സുരക്ഷ വർദ്ധിപ്പിക്കുന്നതിനു വേണ്ടി തീരദേശത്ത് വസിക്കുന്ന 177 മത്സ്യതൊഴിലാളി യുവാക്കളെ കോസ്റ്റൽ വാർഡൻമാരായി കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി തിരഞ്ഞെടുത്ത് പരിശീലനം നൽകി വിവിധ തീരദേശ പോലീസ് സ്റ്റേഷനുകളിൽ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>4. തീര സുരക്ഷയുമായി ബന്ധപ്പെട്ട് പുതുതായി അനുവദിച്ച 6 (ആറ്) തീരദേശ പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>5. തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റേയും നാവിക സേനയുടേയും പ്രത്യേക പരിശീലനം സിദ്ധിച്ചിട്ടുള്ള സേനാംഗങ്ങളെ ഡ്യൂട്ടിക്കായി |

| | | | |
|---|---|---|---|
| | | | നിയോഗിച്ചിട്ടുണ്ട്.<br>6. തീരദേശ പോലീസ് സ്റ്റേഷനുകളിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഇന്റർസെപ് റ്റർ ബോട്ടുകൾ ഉപയോഗിച്ച് കടലിൽ ബോട്ട് പട്രോളിംഗും തീരപ്രദേശത്ത് ബീറ്റ് പട്രോളിംഗും നിരന്തരം നടത്തി വരുന്നുണ്ട്.<br>7. ബോട്ടുകളുടെ റിപ്പയറിംഗിനും മെയിന്റനൻസിനുമായി കൊച്ചിൻ ഷിപ്പ്യാർഡുമായി കരാറിലേർപ്പെട്ടിട്ടുണ്ട്.<br>8. കോസ്റ്റൽ പോലീസിന്റെ പ്രവർത്തനങ്ങൾക്കു വേണ്ടി 18 സാറ്റലൈറ്റ് ഫോണുകൾ നൽകിയിട്ടുണ്ട്.<br>9. രാജ്യസുരക്ഷ മുൻനിർത്തി തീരദേശ പോലീസ് സ്റ്റേഷനുകളിൽ ഇന്റലിജൻസ് ശേഖരണത്തിനായി ഇന്റലിജൻസ് വിംഗ് രൂപീകരിക്കുകയും ശേഖരിച്ച വിവരങ്ങൾ കോസ്റ്റ്ഗാർഡിനു കൈമാറി ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചും വരുന്നു.<br><br>ഇത് കൂടാതെ വിവിധ സർക്കാർ-സർക്കാർ ഇതര ഏജൻസികളുടേയും, നേവി, കോസ്റ്റ് ഗാർഡ് എന്നിവയുടേയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ തീരദേശജില്ല തലത്തിൽ ജില്ലാ കളക്ടർ അധ്യക്ഷനായി ഡിസ്ട്രിക്ട് ലെവൽ കമ്മിറ്റി ഓൺ കോസ്റ്റൽ സെക്യൂരിറ്റിയും സംസ്ഥാന തലത്തിൽ ചീഫ് സെക്രട്ടറി അധ്യക്ഷനായി സ്റ്റേറ്റ് ലെവൽ കമ്മിറ്റി ഓൺ കോസ്റ്റൽ സെക്യൂരിറ്റിയും രൂപീകരിച്ച് പ്രവർത്തനങ്ങൾ നടത്തിവരുന്നു. തീരദേശവാസികളെ ഉൾപ്പെടുത്തി രൂപീകരിച്ച കടലോര ജാഗ്രതാ സമിതിയും തീരസുരക്ഷയ്ക്കായി പ്രവർത്തിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഇ ൗ സർക്കാർ അധികാരത്തിൽ വന്നശേഷം തീരദേശത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ അനുവദിച്ചിട്ടുണ്ടോ എന്നറിയിക്കാമോ? | (ബി) | തീരദേശ സുരക്ഷാ പദ്ധതി യുടെ ഒന്നാം ഘട്ടം രണ്ടാം ഘട്ടം എന്നിവയിൽ ഉൾപ്പെടുത്തി പ്രവർത്തനം ആരംഭിച്ച 18 തീരദേശ പോലീസ് സ്റ്റേഷനുകളിൽ 10 എണ്ണത്തിന്റെയും പ്രവർത്തനം ആരംഭിച്ചത് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആണ്. അത് കൂടാതെ 6 പുതിയ തീരദേശ പോലീസ് സ്റ്റേഷനുകൾ കൂടി പ്രസ്തുത പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.